**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 458** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഒരു വില്ലേജ് ഒരു സംരംഭം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഓരോ ഗ്രാമത്തിലും ഒരു വ്യവസായ സംരംഭമെങ്കിലും ആരംഭിക്കുന്നതിന് സഹായമേകുക എന്ന ലക്ഷ്യത്തോടെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഒരു വില്ലേജ് ഒരു സംരംഭം എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഒരു വില്ലേജ് ഒരു സംരംഭം എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "എന്റെ ഗ്രാമം" പദ്ധതി. ഈ പദ്ധതി പ്രകാരം 1500യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കുറഞ്ഞത് 3000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നതാണ്. അതനുസ്സരിച്ച് 30 കോടി രൂപയുടെ മൂലധന നിക്ഷേപവും 9 കോടി രൂപ സബ്സിഡിയായും നൽകുന്നതാണ്. |
| (ബി) | ഖാദി മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്രസ്തുത ബോർഡ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി നെയ്ത്തുകാർക്ക് ജോലി ലഭ്യമാക്കുന്നതിനും ന്യായമായ ദിവസവേതനം ഉറപ്പാക്കുന്നതിനും ഖാദി മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്ലറ്റ്) ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിച്ച് നടപ്പാക്കുകയും, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, ഇൻസെന്റീവ് എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം, പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ |

| | | | |
|---|---|---|---|
| | | | വൈവിദ്ധ്യവൽക്കരണം, നവാഗത തൊഴിലാളികൾക്ക് ഈ മേഖലയിലേക്ക് കടന്നു വരുന്നതിനാവശ്യമായ പരിശീലനം, ചർക്കകൾക്കും തറികൾക്കും ആവശ്യമായ റിപ്പയറിംഗ് നടത്തുന്നതിന് സ്ഥിരം റിപ്പയറിംഗ് സെന്റർ ഇവയ്ക്ക് ആവശ്യമായ സെൻട്രലൈസ്ഡ് സ്പെയർപാർട്സ് ഗോഡൗൺ തുടങ്ങിയവ ഉൾപ്പെടുന്ന കോമൺ ഫെസിലിറ്റി സെന്റർ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഖാദി ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനും ഖാദി വ്യവസായത്തിന്റെ നവീകരണത്തിനും നടത്തിവരുന്ന പ്രവർത്തനങ്ങളെ കുറിച്ച് അറിയിക്കാമോ? | (സി) | ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ്, (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്തുങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ പ്രത്യേകം വില്പന മേളകളും നടത്തുന്നുണ്ട്. കൂടാതെ ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ, സ്വീകരിച്ചുവരുന്നു. ചരിത്രത്തിലാദ്യമായി നിയമസഭാ സമുച്ചയത്തിലും ശബരിമലയിൽ നിലയ്ക്കലിലും മറ്റ് സർക്കാർ, എക്സിബിഷനുകളിലും ബോർഡിന്റെ വില്പന കൗണ്ടറുകൾ, തുറക്കാൻ കഴിഞ്ഞു. അതുപോലെ യുവതലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി ആരംഭിച്ചു. ആയതനുസ്സരിച്ച് ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിന് ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്നു. |

സെക്ഷൻ ഓഫീസർ